بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 19.11.2021

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹദ്റത്ത് ഉമറുബ്നുൽ ഖത്താബ് ﵁ ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ۝ الرَّحۡمٰنِ الرَّحِيۡمِ۝ مٰلِكِ يَوۡمِ الدِّيۡنِ۝ اِيَّاكَ نَعۡبُدُ
وَاِيَّاكَ نَسۡتَعِيۡنُ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ۝

സ്വഹാബാക്കളുടെ ആദ്യ അവസ്ഥയെയും, ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം അവരിൽ ഉണ്ടായ വിപ്ലവകരമായ അവസ്ഥയെയും പരാമർശിച്ചു കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ ഹദ്റത്ത് ഉമർ﵁ന്റെ ഇസ്‌ലാം സ്വീകരണവുമായി ബന്ധപ്പെട്ട സംഭവം വിവരിക്കുകയുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ പറയുന്നു: ഹദ്റത്ത് ഉമർ﵁ തന്റെ സഹോദരിയും, സഹോദരീ ഭർത്താവിൽ നിന്നും വിശുദ്ധ ഖുർആൻ പാരായണം കേട്ടപ്പോൾ കരയുകയും നബിﷺന്റെ അടുക്കലേക്ക് ഓടിചെല്ലുകയും ചെയ്തു. പറഞ്ഞു: താങ്കളെ വധിക്കുവാനാണ് വീട്ടിൽ നിന്നിറങ്ങിയത്. എന്നാൽ ഞാൻ സ്വയം അടിയറവ് പറയുകയാണ് ഉണ്ടായത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﵁ പറയുന്നു: ഇതേ സ്വഹാബാക്കൾ തന്നെയാണ് ആദ്യ കാലത്ത് മദ്യം കുടിച്ചിരുന്നതും, പരസ്പരം ശണ്ഠ കൂടിയിരുന്നതും. എന്നാൽ അവർ നബിﷺയെ സ്വീകരിക്കുകയും ദീനിന് വേണ്ടി ധൈര്യത്തോടെയും, അധ്വാനത്തോടെയും പ്രവർത്തിച്ചപ്പോൾ അവർ ഉന്നതസ്ഥാനീയരായിമാറി എന്ന് മാത്രമല്ല മറ്റുള്ളവരെ ഉന്നത സ്ഥാത്തേക്ക് എത്തിക്കാൻ നിമിത്തമാകുകയും ചെയ്തു.

ഹദ്റത്ത് ഉമർ﵁ന്റെ ദൈവഭയം എങ്ങനെയുള്ളതായിരുന്നു ഇത് സംബന്ധമായി ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ﵁ പറയുന്നു: യൂഫ്രട്ടീസ് നദീ തീരത്ത് ഒരു ആട് ചത്തു വീഴുകയാണെങ്കിൽ പോലും അതിനെ കുറിച്ച് ഖിയാമത് നാളിൽ അല്ലാഹു എന്നോട് ചോദിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

ഹദ്റത്ത് അനസ്﵁ നിവേദനം ചെയ്യുന്നു. ഉമർ﵁ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു, അല്ലയോ ഇബ്നു ഖത്താബ്! നീ അല്ലാഹുവിനെ ഭയപ്പെടുക ഇല്ലെങ്കിൽ അവൻ തീർച്ചയായും നിന്നെ ശിക്ഷിക്കുന്നതാണ് .

ഹദ്റത്ത് ഉമർ﵁ന്റെ മോതിരത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ടായിരുന്നു. ഉപദേശകൻ എന്ന നിലക്ക് മരണം മതിയായതാണ്.(അതായത് മരണത്തെ കുറിച്ചുള്ള ചിന്ത നമ്മുടെ അവസ്ഥകൾ നന്നാക്കാൻ ഉപകരിക്കുന്നു.)

അബ്ദുല്ലാഹ് ബ്നു ശഹ്സാദ് പറയുന്നു ഞാൻ ഹദ്റത്ത് ഉമർ﵁ന്റെ തേങ്ങൽ കേട്ടു. ആ സമയത്ത് ഞാൻ അവസാനത്തെ സ്വഫ്ഫിലായിരുന്നു.

അദ്ദേഹം اِنَّمَاۤ اَشۡکُوۡا بَثِّیۡ وَحُزۡنِیۡۤ اِلَی اللّٰہِ എന്ന് പാരായണം ചെയ്യുകയായിരുന്നു അതായത് 'എന്റെ വേവലാതിയും വ്യസനവും ഞാൻ അല്ലാഹുവോട് മാത്രമാണ് ബോധിപ്പിക്കുന്നത്.'

ഈ രിവായത് വിവരിച്ചു കൊണ്ട് ഖലീഫത്തുൽ മസീഹ് റാബിഅ്﵀ വിവരിക്കുന്നു; ദൈവസ്മരണയിൽ മുഴുകുന്നവർക്ക് തങ്ങളുടെ ദുഃഖങ്ങളും വേദനകളും കരഞ്ഞു തീർക്കാനും, തങ്ങളുടെ നെഞ്ചിലെ ഭാരം ഇറക്കി വെക്കാനും അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു ദർബാറും കാണാൻ കഴിയുകയില്ല.

ആദ്യകാല സേവകരേയും, ത്യാഗം ചെയ്തവരേയും ഹദ്റത്ത് ഉമർ﵁ എങ്ങനെയാണ് പരിഗണിച്ചിരുന്നത്.ഇത് സംബന്ധമായി ഒരു നിവേദനമുണ്ട്. ഒരിക്കൽ നല്ല മുന്തിയ ഇനം തട്ടങ്ങൾ വന്നപ്പോൾ ഉമർ﵁ അത് വിതരണം ചെയ്തു. ഉഹ്ദ് ദിവസം ഉമ്മു സലീത് ഞങ്ങൾക്ക് വേണ്ടി വെള്ളം നിറച്ച പാത്രം എടുത്തു കൊണ്ട് വന്നിരുന്നു എന്ന കാര്യം പറഞ്ഞു കൊണ്ട് അവർ ആ തട്ടത്തിന് അർഹയാണെന് പറയുകയുണ്ടായി.

ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ മരണ ശേഷം നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെ കുറിച്ച് വിവരിക്കുകയുണ്ടായി. അവർ ഖഫ്ഫാഫ് ബ്നു ഈമാ ഗഫ്ഫാരിയുടെ മകളാണെന്നു പറഞ്ഞു. അദ്ദേഹം സുലഹ് ഹുദൈബിയയുടെ സന്ദർഭത്തിൽ നബിﷺയുടെ കൂടെ സന്നിഹിതനായിരുന്നു.ഇത് കേട്ടപ്പോൾ ഉമർ﵁ നിന്നു. അദ്ദേഹം പറഞ്ഞു വളരെ അടുത്ത ബന്ധമാണല്ലോ. അതിന് ശേഷം ധാന്യങ്ങളുടെ ചാക്കുകൾ നല്ല കൊഴുത്ത ഒരു ഒട്ടകത്തിന്റെ പുറത്ത് വെച്ചു. വർഷം മുഴുവൻ കഴിച്ചു കൂട്ടാൻ ആവശ്യമായ ധനവും വസ്ത്രങ്ങളും അതിൽ വെച്ചു. ഒട്ടകത്തിന്റെ കടിഞ്ഞാണ് ആ സ്ത്രീയുടെ കയ്യിൽ കൊടുത്തിട്ട് പറഞ്ഞു.ഇത് അവസാനിക്കുന്നതിന് മുമ്പ് അല്ലാഹു നിനക്ക് വീണ്ടും നൽകുന്നതാണ്.

ഒരിക്കൽ ഹദ്റത്ത് ഉമർ﵁ രാത്രിയുടെ അന്ധകാരത്തിൽ പല വീടുകളിലും കയറിയിറങ്ങുന്നത് ഹദ്റത്ത് ത്വൽഹ കണ്ടു. രാവിലെ ആയപ്പോൾ ഹദ്റത്ത് ത്വൽഹ അതിൽ നിന്നും ഒരു വീട്ടിൽ പോയി. അവിടെ അന്ധയും വൃദ്ധയുമായ ഒരു സ്ത്രീ ആണ് ഉണ്ടായിരുന്നത്. ത്വൽഹയുടെ ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞു: രാത്രി എന്റെ അടുക്കൽ വന്ന വ്യക്തി കുറെ

നാളായി എനിക്ക് വേണ്ടി സേവനം ചെയ്യുന്നു. എന്റെ വീട്ടു ജോലികൾ ചെയ്തു തരുന്നു. എന്റെ അശുദ്ധി കളെല്ലാം വൃത്തിയാക്കുകയും ചെയ്യുന്നു.

ഹദ്റത്ത് ഉമർ ശാമിൽ നിന്നും മടങ്ങി വരുമ്പോൾ ജനങ്ങളുടെ അവസ്ഥകളെ കുറിച്ചറിയാൻ പുറപ്പെട്ടു. ദൂരെയുള്ള ഒരു കൂടാരത്തിൽ താമസിച്ചിരുന്ന വൃദ്ധയായ ഒരു സ്ത്രീയോട് കാര്യങ്ങൾ തിരക്കി. അവർ പറഞ്ഞു അല്ലാഹു അദ്ദേഹത്തിന് എന്നിൽ നിന്ന് നല്ല പ്രതിഫലം നൽകാതിരിക്കട്ടെ. അദ്ദേഹം ഖലീഫ ആയതിന് ശേഷം ഇന്നേവരെ അദ്ദേഹത്തിൽ നിന്ന് എനിക്ക് സംഭാവന യൊന്നും കിട്ടിയിട്ടില്ല. ഹദ്റത്ത് ഉമർ പറഞ്ഞു: നിങ്ങ ളുടെ അവസ്ഥയെ കുറിച്ച് ഉമറിന് എങ്ങനെയാണ് അറിവുണ്ടാവുക. ആ സ്ത്രീ പറഞ്ഞു. *സുബ്ഹാനല്ലാഹ്* ജനങ്ങളുടെ ഭരണാധികാരിയായ ഒരാൾക്ക് കിഴക്കും പ ടിഞ്ഞാറും എന്താണ് സംഭവിക്കുന്നത് എന്ന് അറിയില്ല എന്ന് പറയുന്നത് എനിക്ക് ചിന്തിക്കാൻ പോലും സാധ്യമല്ല. ഇത് കേട്ട് ഉമർ കരയുകയുണ്ടായി. പറഞ്ഞു: ഉമറെ! കഷ്ടം തന്നെ നിന്നെക്കാൾ ദീനീ ബോധമുള്ള എത്ര യെത്ര ആളുകൾ ഉണ്ട്. അദ്ദേഹം ആ സ്ത്രീയോട് പ റഞ്ഞു: നീ നിനക്ക് നേരിട്ട നഷ്ടങ്ങൾക്ക് പകരമായി എത്ര രൂപയാണ്(നഷ്ടപരിഹാരമായി) ആഗ്രഹിക്കുന്നത്. ഞാൻ ഉമറിനെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു.

ആദ്യം തമാശയാണെന്നാണ് ആ സ്ത്രീ കരുതി യത് പിന്നീട് 25 ദീനാർ സ്വീകരിക്കുകയുണ്ടായി. ഈ സമയത്ത് ഹദ്റത്ത് അലിയും അബ്ദുല്ലാഹ് ബ്നു മസ്ഊദും അവിടേക്ക് വന്നു. അവർ ഉമർﷺനെ അമീ റുൽ മുഅ്മിനീൻ എന്ന് അഭിസംബോധന ചെയ്തത് കേട്ടപ്പോൾ ആ സ്ത്രീ ഭയപ്പെട്ടു. എന്നാൽ ഉമർﷺ പ റഞ്ഞു നിനക്ക് യാതൊരു കുറ്റവുമില്ല

അതിന് ശേഷം ഉമർ ഇപ്രകാരം എഴുതി .ഇന്ന് ഉമർ ഇന്ന സ്ത്രീക്ക് അവർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാ രമായി 25 ദീനാർ നൽകിയിരിക്കുന്നു. ഇനി അല്ലാ ഹുവിന്റെ സവിധത്തിൽ മഹ്ശറയിൽ ഈ സ്ത്രീ വാദ മുന്നയിച്ചാൽ ഉമർ നിരപരാധിയായിരിക്കും. അലി ബ്നു അബീ താലിബും, അബ്ദുല്ലാഹ് ബ്നു മസ്ഊദും ഇതിന് സാക്ഷികളാകുന്നു. പിന്നീട് ആ എഴുത്ത് അലിക്ക് നൽകിയിട്ട് പറഞ്ഞു ഞാൻ നിങ്ങളെക്കാൾ മുമ്പ് ഈ ലോകത്ത് നിന്ന് വിടപറയുകയാണെങ്കിൽ ഈ എഴുത്ത് എന്റെ കഫന്റെ കൂടെ വെക്കേണ്ടതാണ്.

ഹദ്റത്ത് ഉമർﷺ ഒരു പെണ്കുട്ടിയുടെ വിവാഹം തന്റെ മകൻ ആസിമുമായി നടത്തിയത് ആ കുട്ടിയുടെ സത്യസന്ധത കാരണത്താലായിരുന്നു.

ഒരു വ്യക്തിയോട് വഴിയിൽ നിന്ന് മാറി നടക്കുവാൻ ഉമർﷺ തന്റെ വടി ചൂണ്ടി കൊണ്ട് പറഞ്ഞു. അത് ആ വ്യക്തിയുടെ വസ്ത്രത്തിൽ ചെറുതായൊന്ന് തട്ടി. ഒരു വർഷത്തിന് ശേഷം അദ്ദേഹത്തിന് 600 ദിർഹം ന ൽകിക്കൊണ്ട് പറഞ്ഞു ഇത് അതിന് പകരമാകുന്നു.

ഹദ്റത്ത് ഉമർﷺ മാർക്കറ്റിലെ സാധനങ്ങളുടെ വില കൾ ഒരാൾക്ക് പോലും അവരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതിന് കാരണമായി തീരാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു.

ഒരു വ്യക്തി തന്റെ മകളെ കുറിച്ച് പറഞ്ഞു. അവളിൽ നിന്ന് ഒരു തെറ്റ് സംഭവിച്ചിരിക്കുന്നു. ദൈവ നിശ്ചിതമായ പരിധികളിൽ ഒന്നിനെ അവൾ ലംഘിച്ചിരുന്നു. ആത്മ ഹത്യശ്രമവും നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ അവൾ പശ്ചാത്തപിച്ചിരിക്കുകയാണ്. അവൾക്ക് വിവാഹാലോചന കൊണ്ട് വരുന്നവരോട് അതിനെ കുറിച്ച് പറയേണ്ട തുണ്ടോ ? ഉമർ പറഞ്ഞു അല്ലാഹു അവളുടെ ന്യൂനത കൾ മറച്ചു വെച്ചിരിക്കെ നീ അത് വെളിപ്പെടുത്തുക യാണോ? അല്ലാഹുവാണെ നീ അങ്ങനെ ചെയ്താൽ നാട്ടുകാർക്ക് മുഴുവൻ ഗുണപാഠമാകുന്ന രീതിയിൽ ഞാൻ നിനക്ക് ശിക്ഷ നൽകുന്നതാണ്.

ഹിജ്റ 17 ൽ ഹദ്റത്ത് ഉമർ മദീനയിൽ നിന്ന് ശാമിലേക്ക് പുറപ്പെട്ടു. സർഗ് എന്ന സ്ഥലത്തെത്തിയപ്പോൾ, റംല യിൽ നിന്ന് ബൈത്തുൽ മഖ്ദസിലേക്കുള്ള വഴിയിൽ 6 മൈൽ ദൂരത്തുള്ള അംവാസിൽ പകർച്ചവ്യാധി പൊട്ടി പ്പുറപ്പെട്ടിട്ടുണ്ടെന്ന അറിവ് ലഭിച്ചു. ഈ പകർച്ചവ്യാധി ശാമിലാകെ നാശം വിതച്ചു. ഇരുപത്തി അയ്യായിര ത്തോളം മരണങ്ങൾ ഉണ്ടായി.

ഹദ്റത്ത് ഉമർ ആ സമയത്ത് ജനങ്ങളുടെ അവസ്ഥയെ കുറിച്ച് എത്രത്തോളം വ്യാകുലനായിരുന്നു എന്ന കാര്യ ത്തെ സംബന്ധിച്ച് ഒരു നിവേദനം ബുഖാരിയിൽ വന്നിട്ടുണ്ട്

ഹദ്റത്ത് അബ്ദുറഹ്മാൻ ബ്നു ഔഫ്, നബിﷺയുടെ വാക്കുകൾ അതായത് പകർച്ചവ്യാധിയുള്ള സ്ഥലത്തേക്ക് പോകരുതെന്നും, പകർച്ചവ്യാധി ഉള്ള സ്ഥലത്താണു ള്ളതെങ്കിൽ അവിടെ നിന്നും പുറത്തേക്ക് പോക രുതെന്നും പറഞ്ഞ കാര്യം കേൾപ്പിക്കുകയുണ്ടായി.

ആ പകർച്ചവ്യാധി കാരണം ഹദ്റത്ത് അബൂ ഉബൈ ദയും ശാമിൽ അദ്ദേഹത്തിന്റെ പ്രതിനിധി ആയിരുന്ന ഹദ്റത്ത് മആദ് ബ്നു ജബലും വഫാതായി. ഹദ്റത്ത് മആദ് തന്റെ പ്രതിനിധി ആയി അംറ് ബ്നു ആസിനെ നിയമിച്ചിരുന്നു. ഹദ്റത്ത് അംറ് ബ്നു ആസ് ജനങ്ങളോട് മലമുകളിൽ അഭയം പ്രാപിച്ചു കൊണ്ട് ജീവൻ സംര ക്ഷിക്കുവാനുള്ള നിർദേശം നൽകി. അങ്ങനെ ആ പകർച്ചവ്യാധി പതുക്കെ പതുക്കെ കുറഞ്ഞു ഇല്ലാ തായി. ഈ വിവരം ഹദ്റത്ത് ഉമറിന് ലഭിച്ചപ്പോൾ അദ്ദേഹത്തിന് വളരെയധികം ഇഷ്ടമായി.

ഹദ്റത്ത് അബു ഉബൈദയെ കൂടാതെ ഹദ്റത്ത് മആദ് ബ്നു ജബൽ,ഹദ്റത്ത് യസീദ് ബ്നു അബൂ സുഫ്യാൻ, ഹദ്റത്ത് ഹാരിസ് ബ്നു ഹിശാം, ഹദ്റത്ത് സുഹൈൽ ബ്നു അംറ്, ഹദ്റത്ത് ഉത്ബ ബിൻ സുഹൈൽ, കൂടാതെ ബഹുമാന്യരായ മറ്റു ചിലരും ഈ പകർച്ചവ്യാധി കാരണം വഫാത്താവുകയുണ്ടായി.

ഹദ്റത്ത് ഉമർﷺന്റെ ദുആ സ്വീകാര്യതയുമായി ബ ന്ധപ്പെട്ട് ഇങ്ങനെ ഒരു വിവരണം കാണാം ഒരിക്കൽ കഠിനമായ വരൾച്ച ഉണ്ടായപ്പോൾ അദ്ദേഹം ഇസ്തിസ്ഖ നമസ്കാരം (മഴക്ക് വേണ്ടിയുള്ള നമസ്കാരം) അനുഷ് ഠിച്ചു കൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്തപ്പോൾ

ഉടൻ മഴ വർഷിക്കുകയുണ്ടായി.

ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പ് നൈൽ നദി വറ്റിവരളുമ്പോൾ ഈജിപ്തുകാർ ഒരു കന്യകയെ അണിയിച്ചൊരുക്കി അതിൽ എറിയുന്ന ആചാരമുണ്ടായിരുന്നു.

ഇസ്‌ലാം വന്നതിന് ശേഷം നൈൽ നദി വറ്റിയപ്പോൾ ഉമർﷺ ഒരു കടലാസ് നൈൽ നദിയിൽ എറിയുവാനായി നൽകി അതിൽ ഇപ്രകാരം എഴുതിയിട്ടുണ്ടായിരുന്നു. അല്ലയോ നൈൽ നദി! നിന്നെ അല്ലാഹു ആണ് ഒഴുക്കുന്നതെങ്കിൽ ഞാൻ അല്ലാഹുവിനോട് നിന്നെ ഒഴുക്കുവാനായി ദുആ ചെയ്യുന്നു.അദ്ദേഹത്തിന്റെ കല്പന പ്രകാരം ആ കടലാസ് നൈൽ നദിയിൽ ഇട്ടപ്പോൾ വെള്ളം ഒഴുകാൻ തുടങ്ങി.

ഒരിക്കൽ ഹദ്റത് സാരിയ മുസ്‌ലിം സൈന്യത്തോടൊപ്പം ബുദ്ധിമുട്ടിലകപ്പെട്ടു. ഹദ്റത്ത് ഉമർﷺന്റെ അധരത്തിൽ നിന്നും മദീനയിൽ വെച്ചു '**യാ സാരിയ അൽജബൽ**' എന്ന വാക്കുകൾ പുറപ്പെട്ടു. യുദ്ധ മൈതാനത്ത് വെച്ച് ഈ വാക്കുകൾ സാരിയ കേൾക്കുകയും വലിയ ഒരു ആപത്തിൽ നിന്ന് മുസ്‌ലിങ്ങൾ രക്ഷപ്പെടുകയും ചെയ്തു.

ഒരിക്കൽ റോമിലെ ഖൈസറിന് കഠിനമായ തലവേദന അനുഭവപ്പെട്ടു. ഒരുപാട് ചികിത്സ നടത്തിയിട്ടും വേദന മാറിയില്ല അവസാനം ഉമർ ﷺ ന്റെ പഴയതും അഴുക്ക് പുരണ്ടതുമായ ഒരു തൊപ്പി ധരിച്ചപ്പോൾ അല്ലാഹു ശിഫാ നൽകി.

ഹദ്റത്ത് ഉമർﷺ ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു; അല്ലാഹുവെ! നീ എന്നെ പുണ്യവാന്മാരുടെ കൂട്ടത്തിലായി മരിപ്പിക്കേണമെ. ദുർജനങ്ങളുടെ കൂടെ എന്നെ പുറംതള്ളരുതെ. എന്നെ നരക ശിക്ഷയിൽ നിന്ന് കാത്തുരക്ഷിക്കണെ.

അല്ലാഹുവെ എന്റെ ആയുസ്സ് അധികമായിരിക്കുന്നു ശക്തി കുറയുകയും ചെയ്തിരിക്കുന്നു. എന്റെ പ്രജകൾ വർധിച്ചിരിക്കുന്നു .നീ എന്നെ വ്യഥാവിലാക്കാതെ മരിപ്പിച്ചാലും.

നബിﷺ, ഉമർﷺന് ഒരു ദുആ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. 'അല്ലാഹുവെ! എന്റെ ആന്തരികാവസ്ഥ ബാഹ്യ അവസ്ഥയെക്കാൾ മികച്ചതാക്കേണമേ. എന്റെ ബാഹ്യാവസ്ഥയും മികച്ചതാക്കേണമേ.

ഹദ്റത്ത് ഇബ്നു ഉമർ നിവേദനം ചെയ്യുന്നു; വരൾച്ചയുടെ സമയത്ത് ഉമർﷺ പുതിയ ഒരു രീതി അവലംബിക്കുകയുണ്ടായി. ജനങ്ങൾക്ക് ഇശാ നമസ്കാരത്തിന് നേതൃത്വം നൽകിയതിന് ശേഷം വീട്ടിലേക്ക് പോവുകയും രാത്രിയുടെ അവസാനയാമം വരെ നമസ്കരിക്കുകയും ചെയ്തു. അതിന് ശേഷം പുറത്തിറങ്ങുകയും മദീനയുടെ എല്ലാ ഭാഗത്തും റോന്തു ചുറ്റിയിരുന്നു. ഒരു രാത്രി അത്താഴത്തിന്റെ സമയത്ത് അദ്ദേഹം ഇപ്രകാരം ദുആ ചെയ്യുന്നതായി ഞാൻ കേട്ടു;

അല്ലാഹുവെ! എന്റെ കൈകൾ കൊണ്ട് നീ മുഹമ്മദ് നബിﷺയുടെ ഉമ്മത്തിനെ നശിപ്പിക്കരുതെ.

ഹദ്റത്ത് ഇബ്നു ഉമർﷺ പറയുന്നു: സ്വഫ്ഫ് നേരെയാക്കുന്നതിന് വേണ്ടി ഉമർﷺ ഒരാളെ നിയോഗിച്ചിരുന്നു. നമസ്കാരത്തിനായി ഇഖാമത്തിന്റെ സമയമാവുമ്പോൾ ഉമർﷺ ഖിബ്‌ലയുടെ നേരെ പുറം തിരിഞ്ഞു നിന്നു കൊണ്ട് അതായത് ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നു കൊണ്ട് സ്വഫ്ഫ് നേരെയാക്കാറുണ്ടായിരുന്നു.നിങ്ങൾ നിങ്ങളുടെ സ്വഫ്ഫ് നേരെയാക്കുക എന്ന് പറയുമായിരുന്നു. സ്വഫ്ഫ് നേരെയായി കഴിഞ്ഞാൽ അദ്ദേഹം ഖിബ്‌ലക്ക് നേരെ തിരിഞ്ഞു നിന്നു കൊണ്ട് **അല്ലാഹു അക്ബർ** പറഞ്ഞു കൊണ്ട് നമസ്കാരം ആരംഭിക്കുമായിരുന്നു.

അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിൽ ഒരുപാട് ചെലവഴിച്ചിരുന്നു. ദൈവഭയം അദ്ദേഹത്തിൽ എത്രത്തോളം ഉണ്ടായിരുന്നുവെന്നാൽ വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ഞാൻ ഒരു പ്രതിഫലത്തിനും അർഹനല്ലെന്നും ശിക്ഷയിൽ നിന്നും രക്ഷപ്പെടണം എന്നൊരു ചിന്ത മാത്രമേ എനിക്ക് ഉണ്ടായിട്ടുള്ളൂ എന്നും പറഞ്ഞു കൊണ്ടിരുന്നു

ഖുത്ബയുടെ അവസാനം ഹുദൂർ പറഞ്ഞു; കുറച്ചു കാര്യങ്ങൾ കൂടി പറയാനുണ്ട്. *ഇൻശാഅല്ലാഹ്* വരും ദിവസങ്ങളിൽ വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَنَسْتَعِيْنُهٗ وَنَسْتَغْفِرُهٗ ، وَنُؤْمِنُ بِهٖ ، وَنَتَوَكَّلُ عَلَيْهِ ، وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَمِنْ سَيِّئَاتِ اَعْمَالِنَا ، مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ ، وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ، وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ ، وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآئِ ذِی الْقُرْبٰی وَ يَنْهٰی عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْیِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ۔ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 19.11.2021

Malayalam Translation: **Moulavi Muhammed Salih Kodungallur** For Malayalam Desk, Qadian.

Published By Nazarat Nashr-o-Isha'ath, Sadr Anjuman Ahmadiyya - Qadian 143516